## നെല്ല് സംഭരണം

195(1262) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് നെല്ല് സംഭരണത്തിന് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തദ്ദേശീയമായി ഉത്പ്പാദിപ്പിക്കുന്ന നെല്ല് കർഷകരിൽനിന്നും നേരിട്ട് സംഭരിച്ച് സംസ്കരിച്ച് അതിൽനിന്ന് ലഭ്യമാകുന്ന അരി പ്രാദേശികമായി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

(സി) നെല്ല് കൃഷിചെയ്യുന്ന കർഷകരുടെ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് രജിസ്ട്രേഷൻ നടപടികൾ സമയബന്ധിതമായി ചെയ്യുന്നു. കൊയ്ത്ത് കഴിയുന്ന ഉടൻതന്നെ കർഷകരിൽനിന്ന് നിശ്ചിത ഗുണമേന്മയുള്ള നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖേന സംഭരിക്കുന്നു. സംഭരിച്ച നെല്ല് സമയബന്ധിതമായി നവീന രീതിയിൽ പുഴുങ്ങി കുത്തി അരിയാക്കി വിതരണത്തിന് തയ്യാറാക്കുന്നു. ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ നിർദ്ദേശാനുസരണം ഓരോ മാസവും ടി അരി മില്ലുകളിൽനിന്ന് വിട്ടുകൊടുക്കുന്നു.

## റേഷൻ വിതരണം കാര്യക്ഷമവും സുതാര്യവുമാക്കാൻ പദ്ധതി

196(1263) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly